
മഴവില്ല് ത്തൂവൽ




# സെന്റ് മേരീസ് ജി.എച്ച്.എസ്

# കാഞ്ഞിരപ്പള്ളി



# ലിറ്റിൽ കൈറ്റ്സ്

## സെന്റ് മേരീസ് ജി.എച്ച്.എസ്

## കാഞ്ഞിരപ്പള്ളി

# ആമുഖം

പ്രിയപ്പെട്ടവരേ,

ശ്രേഷ്ഠമായ ഒരു ഭാഷയാണ് നമ്മുടെ മലയാളം. മലയാളഭാഷയുടെ സമഗ്ര വളർച്ചയെന്ന ലക്ഷ്യമാക്കി ലിറ്റിൽ കൈറ്റ്സിലെ വിദ്യാർത്ഥികൾ ഈ മാസിക സമർപ്പിക്കുന്നു.പ്രശസ്ത വ്യക്തികളുടെ സംഭാവനകളും അവരുടെ ജീവിചരിത്ര കുറിപ്പുകളും ഒപ്പം ഞങ്ങൾ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളായ വിദ്യാർത്ഥിക രചിച്ച കവിതകളും കഥകളും ഇവിടെ ഉൾകൊള്ളിച്ചിരിക്കുന്നു. വയിച്ചാൽ വളരും വയിച്ചില്ലേ വളയും എന്ന മലയാളത്തിലെ ഏറ്റവും പ്രശസ്തമായ വാക്കിലൂടെ,

**ലിറ്റിൽ കൈറ്റ്സ്**

# എഡിറ്റോറിയൽ

ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ, മലയാള ഭാഷയുടെ വളർച്ച എന്ന ലക്ഷ്യത്തോടെ ഈ മാസിക രചിച്ചിരിക്കുന്നു. ഞങ്ങളുടെ പ്രവർത്തനത്തിൻെറ ഭാഗമായി പ്രശസ്ത വ്യക്തികളുടെ സാഹിത്യരചനകളും ജീവചരിത്ര കുറിപ്പുകളും. ഞങ്ങൾ ലിറ്റിൽ കൈറ്റ്സിലെ വിദ്യർത്ഥികളുടെ രചനകളായ കവിതകളും കഥകളും ഇവിടെ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇവ മലയാളത്തിൻെറ സമഗ്ര വളർച്ചയ്ക്കായി ഉപകരിക്കട്ടെ.

എഡിറ്റർ

ലീമ ആൻ സോജൻ

എഡിറ്റോറിയൽ ബോർഡ്

1. ലീമ ആൻ സോജൻ

2.ഗായത്രി പി മനോജ്

3.സ്നേഹ ജയിംസ്

4.നാസിയ നവാസ്

5.അക്സാ മേരി സിബി

6.എലിസബത് ജോബി

# ഉള്ളടക്കം

1.ലിറ്റിൽ കൈറ്റ്സ്
2.പണ്ടത്തെപാട്ടുകൾ
3.മഴ നനഞ്ഞോരേൻ ബാല്യം
4.പരോപകാരം
5.വനത്തിലെ കൂട്ടുകാർ
6.മതിലേരിക്കന്നി
7.കേരളം
8.വെണ്ണിക്കുളം ഗോപാലക്കുറിപ്പ്
9.അമ്മ
10.തേന്മൊറും മലയാളം
11.ചോലനായ്ക്കർ
12.പരിസ്ഥിതി ദിനങ്ങൾ
13.മാണിക്യവീണ
14.പ്രളയം പഠിപ്പിച്ച പാഠം
15.സത്യസന്ധത
16.പുത്രവാത്സല്യം
17.വിദ്യ
18.പൂവ്
19.എന്റെ വിദ്യാലയം

20.ഭാഷ

21.പാരിന്റെ നന്മക്കത്രേ

22.പുസ്തകം

23.ഭൂമി

24.മാവ്

25.അമ്മ

26.ജി ശങ്കരക്കുറിപ്പ്

27.ഭൂമിക്ക് ഒരു ചരമഗീതം

28.പുലരി

29.രാത്രി

30.ചെറുശ്ശേരി നമ്പൂതിരി

31.സൗഹൃതം

32.നിദ്ര

33.മഴക്കാർ വരുന്നേ

34.മദർ തെരേസ

35.സ്നേഹം

# ലിറ്റിൽ കൈറ്റ്സ്

2018 –ൽ ആരംഭിച്ച 'ലിറ്റിൽ കൈറ്റ്സ്'

സ്കൂൾ വിദ്യാർത്ഥികളെ ഐ ടി മേഖല

യിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റുവാനുള്ള

സംരംഭമാണ്. കുട്ടികൾക്ക് കംപ്യൂട്ടറുകൾ

ക്കുള്ളിലുള്ള മായാലോകം വ്യക്തമാക്കി കുട്ടികളുടെ ഐ ടി കൂട്ടായ്മ

കേരളത്തിൽ പ്രവർത്തിച്ചു വരുന്നു.



# പണ്ടത്തെപ്പാട്ടുകൾ

നമ്മുടെ മാതാവ്വ-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മായിതിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ല പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

-ആലിയ ഷാജഹാൻ



# മഴ നനഞ്ഞോരേൻ ബാല്യം

ജീവിതം മൊട്ടിട്ടുണർന്നു

പെരുകുമോരോ മഴക്കും പിന്നെ

എവിടെയോ പോയോളിക്കും

കാശി തുമ്പകൾ അല്ലോ നമ്മൾ

മഴ വരും നേരമാർത്തു വിളിച്ചത്

നനഞ്ഞേ്രെൻ ബാല്യം

ഓക്കെകണ്ടൊരു ചിരിയാർന്നു നിക്കുമെന്ന്

തോന്മാന മുത്തശ്ശി പഴങ്ങളാൽ എന്നെ

ഒരുപാടു സലക്കരിചിരുന്നു

-ആൻ മരിയ ഡോമിനിക്




# പരോപകാരം

ഒരിടത്ത് രണ്ട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു.ഉണ്ണി ,അച്ചു .അവർ സന്തോഷവും സങ്കടവും പങ്കുവച്ചിരുന്നു. എല്ലാ കാര്യത്തിലും ഒരുമിച്ചായിരുന്നു. ഒരിക്കൽ അച്ചു അഛനിൽ നിന്ന് പൈസ മോഷ്ടിച്ചു. ആ പൈസ അവൻ ഉണ്ണിയുടെ കൈയിൽ കൊടുത്തു. എന്നാൽ അവൻ അത് നിരസിച്ചു. ഉണ്ണി അവനെ മനസിലാക്കാൻ ശ്രമിച്ചു.പക്ഷെ കഴിഞ്ഞില്ല. അവർ നടന്നു വരുന്ന വഴിയിൽ ഒരു സ്ത്രിയെ കണ്ടു.അവർ ക്ഷീണമായി ഇരിക്കുകയായിരുന്നു. ഉണ്ണി ആ പൈസ ആ സ്ത്രീയുടെ കൈയിൽ കൊടുത്തു.പക്ഷെ അച്ചുവിന് അത് ഇഷ്ടമായില്ല. ഒരിക്കൽ അച്ചു അപകടത്തിൽ പെട്ടു. അപ്പോൾ ആ സ്ത്രീ അച്ചുവിനെ ആശുപത്രീയിൽ എത്തിച്ച് ജീവൻ രക്ഷിച്ചു.

പരോപകാരം പുണ്യം

- ബിൽന കാതറിൻ സിറിയ്ക്ക്



# വനത്തിൻെറ കൂട്ടുകാർ

വനത്തിൽ നമുക്കറിയാം പക്ഷികളും മൃഗങ്ങളും മരത്തിൻെറ കൂട്ടുകാരാണ് അങ്ങനെയുള്ള രണ്ടു മരത്തിൻെറയും അവരെ തേടി വന്ന ചില പ്രശ്നത്തിൻെറയും അത് ധീരതയോടെ എതിർത്ത ചില മൃഗങ്ങളുടേയും കഥയാണിത്.

ഒരു വനത്തിൽ ടിങ്കുവെന്നും,മിങ്കുവെന്നും പേരുള്ള രണ്ട് മരങ്ങളുണ്ടായിരുന്നു. മാനുകളും, മുയലുകളും, കിളികളും,അണ്ണാരകണ്ണന്മാരും, കുരങ്ങന്മാരും അവരുടെ കൂട്ടുകാരായിരുന്നു. എല്ലാ മൃഗങ്ങൾക്കും അവ ഒരു തണലായിരുന്നു. നിറയെ പഴങ്ങളും, അങ്ങനെ സന്തോഷം നിറഞ്ഞ സൗഹൃദകാലം. അങ്ങനെ ഒരിക്കൽ ,കാട്ടിലേക്ക് കുറച്ച് മരം വെട്ടുകാർ കടന്നു വന്നു . ഇത് കണ്ടതും മൃഗങ്ങൾ ഓടി മരത്തിൻെറ അടുത്തെത്തി എന്നിട്ട്  വിവരം അവരെ അറിയിച്ചു. അപ്പോൾ "മരങ്ങൾ പറഞ്ഞു ഇല്ല അത് സാരമില്ല നിങ്ങൾ രക്ഷപ്പെട്ടു ഞങ്ങൾ ആ വേദന സഹിക്കാം "എന്നാൽ ഒന്ന്,! മൃഗങ്ങൾ ആ മരങ്ങളോട് കടപ്പാടുവരാണ്. അതിന്നാൽ അവർ പദ്ധതിയിട്ടു. ഒടുവിൽ ഒരു മരം വേട്ടുകാരൻ ടിങ്കുവിൻെറയും, മിങ്കുവിൻെറയും അടുത്തെത്തി അപ്പോൾ മൃഗങ്ങൾ ഒന്നടക്കം മരത്തിൻെറ പിന്നിൽ നിന്ന് മുന്നിലേക്ക് ചാടി ഒച്ചവെച്ചു അവരുടെ ശ്രദ്ധതെറ്റിച്ചും മരം മുറിക്കാൻ അവർ സമ്മതിച്ചില്ല. ഇത് കണ്ടതും  മരം വെട്ടുകാരന് മനസ്സിലായി മൃഗങ്ങൾക്ക് വനത്തിനോടുള്ള സ്നേഹം. താൻ ചെയുന്നത് തെറ്റാണെന്നും താൻ പണത്തിനായി ആവശ്യത്തിലധികം മരങ്ങൾ മുറിച്ചു എന്നിട്ടും വീണ്ടും താൻ അതേ തെറ്റാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കി അയാൾ തിരിച്ചു തൻെറ ഒപ്പം വന്നവരെയും കൊണ്ട് മടങ്ങി.“മൃഗങ്ങൾക്ക് സന്തോഷമായി...ഒരുമിച്ച് നിന്നാൽ എന്തും പറ്റുമെന്ന് മനസ്സിലായില്ലേ”...

-നാസിയ നവാസ്



# മതിലേരിക്കന്നി

തിരുവെഴുത്താലോലാതു കണ്ടോണ്ടാരെരൊ

കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി

കണ്ണീരും കൈയ്യായി നിന്നവള്

കരഞ്ഞും പറഞ്ഞല്ലോ  കുഞ്ഞികന്നി

“കനകം നാളേറെ മനം കൊതിച്

കരളിനകത്തുള്ള നാടുവാഴിക്ക്

അറിയാതെയായിരം കുറ്റം കണ്ട്

അതിനെന്തുടയോനെ! വേണ്ടത് ഞാനേ

ഓലുണ്ടെരിപൊരിയങ്കത്തില്

ഓലുണ്ടമ്മണ്ണിലും ചോരയിലും

നെഞ്ഞുണ്ടിരുമ്പൊലച്ചൂളയാവുന്നേ!

പതിനേഴും കോപ്പും തലതേഞ്ഞിറ്റ്

എവിടെവെച്ചച്ഛാ പൊറുക്കും ഞാനേ

നാടുവാഴീരുന്നാലേ ഞാനിരിക്കു!

നാളത്തേ പുല്ലപുലരും കാലം

വേണാട് പുങ്കൊയിലോം പോണെനക്ക്

കൈമെയ്യിറക്കവും വന്നെനക്ക്

മെയ്യെല്ലം കണ്ണായിത്തോന്നേനക്ക്

തലവൻ പടനായരത്തേടിയച്ഛൻ

കേക്ക് മലയോരം കാരണ്ടാലോ

പന്തിരണ്ടോമനത്തിരുവയസ്സിൽ

പയറ്റിത്തെളിഞ്ഞ് പണിക്കരാക്കി

അടവും തൊഴിലും പഠിപ്പിച്ചച്ഛൻ

പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ

ആണായും പെണ്ണായും പോറ്റ്യെൻ്റച്ഛൻ

അച്ഛൻകനിവെന്നോടുണ്ടെങ്കില്

പടപൊയ്ത്തു താപ്പൂട്ടി വന്നോളാലോ.”

-സ്നേഹ ജയിംസ്



# കേരളം

നമ്മുടെ സ്വന്തം നാടാണ് കേരളം .നമ്മൾ ആവശ്യപ്പെടുന്ന നമ്മുടെ നാട് ഇപ്പോൾ മാലിന്യങ്ങളുടെ സ്വന്തം നാടായിത്തീർന്നിരിക്കുന്നു.ഇന്ന് നമ്മൾ റോഡരികിലൂടെ ഒന്ന് കണ്ണോടിച്ചാൽ നമുക്ക് മാലിന്യങ്ങളുടെ കൂമ്പാരം കാണാം . അതുംകവറുക ളിൽ പൊതിഞ്ഞ് നമ്മുടെ ഭൂമിയെ മലിനമാക്കുകയാണ് ഇത്. ഇതിൽ നിന്ന് ഒരു മോചനമാണ് ആവശ്യം.ഇനി നമുക്ക് ഭൂമിയെ പച്ചപട്ടുടിപ്പിക്കാം.

-സുമയ്യ ഷിയാസ്



## വെണ്ണിക്കുളം ഗോപാലക്കുറുപ്പ് (1902-1980)

തിരുവല്ല വെണ്ണിക്കുളത്ത് ജനിച്ച കവി,വിവർത്തകൻ എന്നീ നിലകളിൽ പ്രസിദധൻ.മാണിക്യവീണ,വെള്ളിത്താലം,മാനസപുത്രി,സരോവരം,കദളീവനം,കാമസുരഭി തുടങ്ങിയ കവിതാസമാഹാരങ്ങളും കൈരളീകോശം,തിരുക്കുറൽ,ഭാരതിയുടെ കവിതകൾ,തുളസീദാസരാമായണം തുടങ്ങിയ വിവർത്തനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

-വിഷ്ണുപ്രിയ



# അമ്മ

ഒരു വാക്കുപോലുമെ പറയുവാൻ

വയ്യാതെ നീ നോവിൻെറ നീർധാര

തുകിയപ്പോൾ ജീവനായ് സേനഹമായ്

കുടെയുണ്ടവണം എൻ അമ്മ എന്നു

നീ തേങ്ങിയപ്പോൾ നിൻ തേങ്ങലിൻ

ശബ്ദമെൻ ഹൃദയത്തിനുള്ളിലേ തുടിപ്പായ്

താളമായ് തങ്ങിനിന്നു തുടിപ്പായ്

താളമായ് തങ്ങിനിന്നു.....

ആൻലിയ മാത്യു




## തേനൂറും മലയാളം

അമ്പത്താറക്ഷരമല്ല

അമ്പത്തൊന്നക്ഷരവുമല്ലെൻെറ മലയാളം

മലയാളമെന്ന നാലക്ഷരമല്ല

അമ്മ എന്ന ഒരൊറ്റക്ഷരാണ്

മണ്ണ് എന്ന ഒരൊറ്റക്ഷരമാണെൻെറ മലയാളം

-ദേവി വി സ്



# ചോലനായ്ക്കർ

കേരളത്തിലെ വംശനാശഭീഷണി നേരിടുന്ന ഒരു ഗോത്ര ജനവിഭാഗമാണ് ചോലനായ്ക്കർ. 1991 ലെ സെൻസസിൽ 360 പേർ ഉണ്ടായിരുന്ന ഈ വിഭാഗത്തിൽ ഇന്ന് അവശേഷിക്കുന്നത് 191 പേർ മാത്രമാണ്. നിലമ്പൂരിനടുത്ത കരുളായി, ചുങ്കത്തറ വനപ്രദേശമാണ് ചോലനായ്ക്കരുടെ പ്രധാന ആവാസകേന്ദ്രങ്ങൾ. ചെമ്മം എന്നറിയപ്പെടുന്ന ചെറുകൂട്ടങ്ങളായി ചോലനായ്ക്കർ കല്ലളകൾ എന്ന പാറഗുഹകളിലായിരുന്നു അടുത്തകാലം വരെ ജീവിച്ചിരുന്നത്. ഇവർക്ക് പ്രത്യേക സംസാരഭാഷയുണ്ട്. വനവിഭവങ്ങൾ ശേഖരിച്ച് വിറ്റാണ് ഇവർ ഉപജീവനം നടത്തിയിരുന്നത്. വനശോഷണവും പുറംലോകത്തിൻെറ അനിയന്ത്രിതമായ ഇടപെടലും നിമിത്തം സംസ്കാരവും ജീവിതരീതികളും നഷ്ടപ്പെട്ടുവെങ്കിലും ചോലനായ്ക്കർ നായാടികളും കിഴങ്ങുതീനികളും ഗോത്രവർഗങ്ങളിൽ ഇന്നവശേഷിക്കുന്ന ഒരേയൊരു വിഭാഗമാണ്.

-എലിസബത്ത് ജേബി

# പരിസ്ഥിതി ദിനങ്ങൾ



ജൂൺ 5 ലോക പരിസ്ഥിതി ദിനം

ജൂൺ 8 ലോക സമുദ്ര്ദിനം

ജൂൺ 20 സൗരോർജദിനം

ജൂലൈ 11 ലോക ജനസംഖ്യാദിനം

ജൂലൈ 21 ചാന്ദ്രദിനം

ആഗസ്റ്റ് 6 ഹിരോഷിമ ദിനം

ആഗസ്റ്റ് 9 നാഗസാക്കി ദിനം

ആഗസ്റ്റ് 17 കർഷക ദിനം

സെപ്റ്റംബർ 2 നാളികേര ദിനം

സെപ്റ്റംബർ 16 അന്തർദേശീയ ഓസോൺ ദിനം

സെപ്റ്റംബർ 18 മുള ദിനം

സെപ്റ്റംബർ 27 വിനോദസഞ്ചാര ദിനം

ഒക്ടോബർ 4 ലോകജന്തുദിനം ദിനം

ഒകടോബർ 16 ഭക്ഷ്യ ദിനം

നവംബർ 12 ദോശീയ പക്ഷിനിരീക്ഷണ ദിനം

നവംബർ 14 ശിശു ദിനം

നവംബർ 21 ലോക ഫിഷറീസ് ദിനം

ജനവരി 26 റിപ്പബ്ലിക് ദിനം

ഡിസംബർ 5 ലോക മണ്ണ് ദിനം

മർച്ച് 22 ലോക ജല ദിനം

- ജസ്ന ഷഹിമ

# മാണിക്യവീണ



വന്ദനം വന്ദനം! വാർമൊത്തും ദ്രാവിഡ

നന്ദിനിയായി വളർന്ന ഭാഷേ

വന്ദനം വന്ദനം! ചിത്തം കവർന്നിടും

ചന്ദനാമോദം കലർന്ന ഭാഷേ,

ജീവന്നു നൂതനോന്മഷം  പകർന്നിടും

ദേവഭാഷമൃതം ചേർന്ന ഭാഷേ,

നിന്മുലപ്പാലിന്റെ  വീര്യമൾക്കൊണ്ടതെൻ

ജന്മജന്മാന്തരപുണ്യമല്ലേ.

നൈഷന യുസഫ്

# പ്രളയം

# പഠിപ്പിച്ച പാഠം

ഈയിടെ കേരളത്തെ അപ്പാടെ ആടിയുലച്ച ഒരു വലിയ പ്രകൃതിദുരന്തമായിരിന്നു പ്രളയം.മനുഷ്യൻെറ പ്രവൃത്തികൾക്ക് പ്രകൃതി നൽകിയ ഒരു തിരിച്ചടിയായിരിന്നു ഇത്. ഇതു പോലൊരുമഹാദുരന്തം സംഭവിക്കുമെന്ന് ആരും കരുതിയിരുന്നില്ല. ഈ പ്രളയം കേരളീയരെ ഒരുപാട് പാഠങ്ങൾ പഠിച്ചു ,പ്രളയത്തിൻെ പാഠങ്ങൾഅഹങ്കാരത്തിൻെ മുൾ മുനയിൽ നിൽക്കുന്ന മനുഷ്യനും അവൻ കെട്ടിപ്പൊക്കിയ സകലതും നശിപ്പിക്കപ്പെട്ടു.ദൈവത്തിൻെ നാടായ കേരളത്തെ സാത്താൻ ഭരിക്കുന്ന ഇക്കാലത്ത് സ്വാർത്ഥത എങ്ങും തലയെടുത്തു നിന്നിരുന്നു.സ്നേഹത്തിൻെയും ഒരുമയുടെയും വലിയപാഠമാണ് പ്രളയം നമ്മെ പഠിപ്പിച്ചത്.നാം മനുഷ്യരെ ഒരു വലിയതിരിച്ചടിയിലൂടെ പ്രകൃതി പഠിപ്പിച്ച മറ്റൊരു പാഠമാണ് മാലിന്യവിമുക്തി.ആയതിനാൽ,നമുക്കു പറ്റിയ തെറ്റ് ഇനിമേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാം.പ്രകൃതിമാതാവിനെ നാമാലാകുംവിധം സംരക്ഷിക്കാം.
അതിനായി പരിശ്രമിക്കാം.



-അക്സാ മേരി സിബി



# സത്യസന്ധത

ഒരിടത്ത് രീത എന്ന പെൺകുട്ടിയുണ്ടായിരുന്നു.രീതയുടെ വീട്ടുകാർ നല്ല രീതിയിൽ താമസിച്ചു പോകുന്നു.രീതയുടെ മാതാപിതാക്കൾക്ക് രീതയെ വലിയ കാര്യമായിരുന്നു.രീത എന്തു ചോദിച്ചാലും മാതാപിതാക്കൾ വാങ്ങിച്ചുകൊടുക്കുമായിരുന്നു.രീത വളരെ ലാളിത്യമുള്ള കുട്ടിയായിരുന്നു.രീത വളരെ നല്ല കുട്ടിയായിരുന്നു.മാത്രമല്ല, പഠിത്തത്തിലും വളരെ മുന്നിലായിരുന്നു.രീത എന്തു കാര്യം ചെയ്താലും സത്യസന്ധതയോടെയായിരുന്നു. ഒരു ദിവസം സ്കൂളിലേയ്ക്ക് പോകുന്ന വഴി ഒരു കൂട്ടം കുട്ടികളെ കണ്ടു.രീത എന്താണ് സംഭവിക്കുന്നതെന്നറിയാൻ കൗതുകപൂർവം നോക്കി.രീത ആൾക്കൂട്ടത്തിനടുത്തേക്കു ചെന്നു.തന്റെ സുഹൃത്തായ നിമ്മി ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുമായി നിൽക്കുന്നതു കണ്ടു.നിമ്മിയുടെ പുതിയ പേനയെപറ്റി സംസാരിക്കുന്നതു കേട്ടു.രീതയ്ക്ക് ആ പേന വളരെ ഇഷ്ടമായി.രീത തന്റെ ബുക്കിൽ രീതയുടെ പേരെഴുതാൻ ആ പേന തരുമോയെന്നു നിമ്മിയോട് ചോദ്ദിച്ചു.ആ സമയംകുട്ടികൾ കളിസ്ഥലത്തേക്കു പോയി.രീതയോടു കുറച്ച് ചോക്കുകഷണങ്ങൾ എടുത്തു കൊണ്ടുവരാൻ ടീച്ചർ പറഞ്ഞു.രീത ക്ലാസ്സിൽ തിരിച്ച് കയറി പോയി.പക്ഷെ എന്തുകൊണ്ടോ നിമ്മിയുടെ ബാഗിൽ ഇരിക്കുന്ന പേന രീതയ്ക്ക് എടുക്കാതെ വയ്യ.രീത നിമ്മിയുടെ ബാഗിൽ നിന്ന് പേന പുറത്തെടുത്ത് ഒരിക്കൽക്കൂടി കാണുവാൻ ആഗ്രഹിച്ചു.പിന്നെ രീതയ്ക്ക് ആ പേന വേണമെന്നായി.ആ സമയം ആരോ ക്ലാസ്സിൽ നടന്നു വരുന്ന ഒച്ച രീത കേട്ടു.പെട്ടെന്ന് ആ പേന തന്റെ പോക്കറ്റിൽ എടുത്തു വച്ചു.രീത തിരിഞ്ഞു നോക്കി.തന്റെ കൂട്ടുകാരി റിയ ക്ലാസ്സിലേക്കു വരുന്നു.ആ ദിവസം റിയക്ക് തീരെ വയ്യായിരുന്നു.കളിക്കാൻ പോകുവാൻ റിയക്ക് സാധിച്ചില്ല.രീത ഉടനെ ചോക്കും എടുത്തുകൊണ്ട് താഴേക്കോടി.ആ പേന എടുത്ത കാര്യം രീത ആരോടും പറഞ്ഞില്ല.കളി കഴിഞ്ഞ ശേഷം എല്ലാവരും ക്ലാസ്സിലേക്കു മടങ്ങി.നിമ്മി തന്റെ ബാഗ് നോക്കിയപ്പോൾ പേന കണ്ടില്ല.നിമ്മി ഉടനെ കരയാൻ തുടങ്ങി.ടീച്ചറിനോടു നിമ്മി പരാതി പറഞ്ഞു.ടീച്ചറെല്ലാവരോടും ചോദിച്ചു.കളിക്കാൻ പോയപ്പോൾ ആരായിരുന്നു ക്ലാസ്സിലുണ്ടായിരുന്നത്.എല്ലാവരും റിയയെ ചൂണ്ടിക്കാണിച്ചു.റിയ ശരിക്കും നിഷ്കളങ്കയായിരുന്നു.ടീച്ചർ റിയയെ വഴക്കു പറഞ്ഞു.ഞാൻ നിനക്ക് ഒരു ദിവസം സമയം തരാം, നാളെ സത്യം പറയണം.ഇതുകേട്ട രീത നാളെ പറയാം എന്നു വിചാരിച്ചു.ആ രാത്രി രീതയക്ക് ഉറങ്ങാൻസാധിച്ചില്ല.പിറ്റേദിവസം രീത സ്കൂളിൽ വന്നു.നിമ്മി കരയുന്നതു രീത കണ്ടു.ക്ലാസ്സ് ടീച്ചർ വന്നപ്പോഴെ രീത സത്യം പറഞ്ഞു.കേട്ടപ്പോൾ ടീച്ചർ ഞെട്ടി.കാരണം സത്യസന്ധയായ രീത പേന എടുക്കുമെന്നു ടീച്ചർ കരുതിയില്ല.എന്നോടു ക്ഷമിക്കണം.ഇനി ഞാൻ ആരോടും തെറ്റു ചെയ്യില്ല.തെറ്റു മനസ്സിലാക്കി തിരുത്തുന്നതാണ് യഥാർത്ഥ ശരി.റിയയോടു മാപ്പു ചോദിച്ച് രീത പേന നിമ്മിക്ക് കൊടുത്തു.


– ആൻ മേരി മാത്യു



# പുത്രവാത്സല്യം

ധനികനായ ഒരാൾക്ക് രണ്ട് ആൺമക്കളുണ്ടായിരുന്നു.മൂത്തവൻ പിതാവിന്റെ ആഗ്രഹത്തിനൊത്ത് ജീവിച്ചു. നന്മയുള്ള കാര്യങ്ങളാണ് അവൻ ചെയ്തിരുന്നത്. നല്ലതുപോലെ അധ്വാനിച്ചു. പിതാവിന്റെ സമ്പാദ്യം കൂടിക്കൊണ്ടിരിക്കുകയും ചെയ്തു. ഇളയവൻ അങ്ങനെയായിരുന്നില്ല. പകൽ മുഴുവൻ വെറുതെ നടക്കും. പിതാവിനോട് ഒന്നും മിണ്ടുകയില്ല. അവന്റെ ഈ പ്രവൃത്തികൾ തെറ്റാണെന്ന് പിതാവ് പലവട്ടം ഉപദേശിച്ചു. ഒന്നും അവൻ അനുസരിച്ചില്ല.ഒരുനാൾ യാതൊരു മുന്നറിയിപ്പും കൂടാതെ പിതാവിന്റെ മുന്നെലെത്തി. “എനിക്ക്  എന്റെ ഭാഗം കിട്ടണം. ഇവിടെ നിങ്ങളുടെകൂടെ ജീവിക്കാൻ എനിക്ക് വയ്യ.” വേദനിക്കുന്ന മനസ്സോടെ പിതാവ് പറഞ്ഞു"മകനേ, നിന്റെ ഭാഗം തരുന്നതിൽ എനിക്ക് യാതൊരു വിരോധവുമില്ല. എന്നാൽ കുഞ്ഞേ, ആ സ്വത്തുകൾ നോക്കിനടത്താൻ നിന്നെക്കൊണ്ടാവില്ല.പിതാവിന്റെ വാക്കുകൾ അവൻ കേട്ടില്ല. സ്വത്ത് വേണമെന്ന് വാശിപിടിച്ചപ്പോൾ  അവസാനം പിതാവ് അത് നൽകി. സ്വത്തുകിട്ടിപാടെ അവൻഅതു വിറ്റു. പണവുമായി അവൻ നഗരത്തിലെത്തി.സുഹൃത്തുക്കളുമായി ആടിപ്പാടി നടന്നു. ദിനങ്ങൾ കൊഴിഞ്ഞുവീണു. പണം തീർന്നു. സുഹൃത്തുക്കൾ അത് മനസ്സിലാക്കി. അവൻ തനിച്ചായി. ഒരുനേരത്തെ ആഹാരത്തിനുള്ള വകപോലും ഇല്ലെന്നു വന്നു. അവൻ പട്ടിണി എന്തെന്നറിഞ്ഞു. എല്ലാം നഷ്ടപ്പെട്ട് ഒടുവിൽ യാചനയായി.ആരും കണ്ടാലറിയാത്ത അവസ്ഥയിലായി.ആഹാരമില്ലാത്തെ എത്രനാൾ എന്നവൻ ചിന്തിച്ചു.അവസാനം ഒരു പന്നിമേയ്പ്പുകാരന്റെ അടുക്കൽ ചെന്ന് ജോലി ചെയ്തു. അവിടെ അവൻ നരഗമനുഭവിക്കുകയായിരുന്നു. അവിടുത്തെ പന്നിക്ക് നൽകുന്നതിനേക്കാൾ മോശമായ ഭക്ഷണമാണ് അവിടെ കിട്ടിയിരുന്നത്.  ഒരു ദിവസം പന്നികളെ മേയ്ചുകൊണ്ടിരുന്നപ്പോൾ അവൻ ചിന്തിച്ചു:"പിതാവിനെ വേദനിപ്പിച്ചതുകൊണ്ടല്ലേ ഈ അവസ്ഥ എനിക്ക് വന്നത്". വീട്ടിലേയ്ക്കു തിരിച്ചുപോകാൻ അവൻ തീരുമാനിച്ചു. പിറ്റേന്നുതന്നെ അവൻ വീട്ടിലേയ്ക്കു പോയി. നാട്ടിൽ വന്നിട്ട് അവനെ ആരും തിരിച്ചറിഞ്ഞില്ല.എന്നാൽ തന്റെ പിതാവ് അകലേന്നുതന്നെ തിരിച്ചറിഞ്ഞു. പിതാവ് ഓടിച്ചെന്ന് മകനെ ചേർത്തുപിടിച്ചു. "അച്ഛാ ഞാൻ തെറ്റുകാരനാണ് എന്നെ ശിക്ഷിച്ചുകൊള്ളൂ". തെറ്റുമനസ്സിലാക്കി നീ തിരിച്ചുവന്നല്ലോ ഈ അച്ഛനു് അതുമതി. ഇങ്ങനെ പറഞ്ഞുകൊണ്ട് പിതാവ്  മകനെ വീടിനകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

-ഗായത്രി പി മനോജ്



# വിദ്യ

വിത്തമെന്തിനു മർത്ത്യനു
വിദ്യകൈവശമാകുകിൽ
വെണ്ണയുണ്ടെങ്കിൽ നറുനെയ്യ്
വേറിട്ടുകരുതേണമോ

പുറങ്കണ്ണുതുറപ്പിപ്പാൻ
പുലർവേളയിലംശുമാൻ
അകക്കണ്ണുതുറപ്പിപ്പാൻ
ആശാൻ ബാല്യത്തിലെത്തണം

കൊണ്ടുപോകില്ല ചോരന്മാർ
കൊടുക്കുന്തോറുമേറിടും
മേന്മനൽകും മരിച്ചാലും
വിദ്യതന്നെ മഹാധനം

-ഹന്ന ഫാത്തിമ

# പൂവ്



പൂവേ പൂവേ കൊഴിയല്ലേ

പൂന്തെന്നലു വന്നു വിളിച്ചാൽ പോവല്ലേ

പുലരി പുതു മഴയിൽ ഇതളു പൊഴിയക്കല്ലെ

ഒരിതളും നീ പൊഴിക്കല്ലേ

പുതു മണ്ണിനു ചൂടാനൊരു പൂവിതളും നല്കല്ലേ

ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നല്കല്ലേ

വെള്ളിനിലാവിലലിഞ്ഞീ പുഞ്ചിരി മായ്ക്കല്ലേ

പൂവണ്ടിൻ പ്രണയം പൊള്ളാണേ

നിന്നോടുള്ള പൂവണ്ടിൻ പ്രണയം പൊള്ളാണേ

അത് പൂന്തേനുണ്ണാനണയുവതാണേ

നിന്നെ കാണാനെന്നും കൊതിയാണേ

എനിക്കു നിന്നെ കാണാനെന്നും കൊതിയാണേ

-ലീമ ആൻ സോജൻ




# എന്റെ വിദ്യാലയം

വിദലയം വിദ്യാലയം എന്റെ വിദ്ദാലയം

അറിവുകൾ പകരും വിദ്യാലയം

വിജ്ഞാനത്തിൻ വെളിച്ചം പകരും

ഗുരുക്കന്മർ എന്റെ ദൈവം

സഹപാഠികളെൻ കൂഡകാർ

താങ്ങും തണലുമായ് കൂടെയുണ്ട്

സ്വർഗമാകും വിദലയം എന്റെ വിദ്യാലയം

-റാഫിയ ഫസിലി




## ഭാഷ

അമ്മമലയാളമായ ഭാഷ

മനതാരിലാദ്യം വിരിഞ്ഞ ഭാഷ

മണ്ണിന്റെ മലയാള മാതൃഭാഷ

മലയാളമാണെന്റെ മാതൃഭാഷ

വന്ദനം വന്ദനം മാതൃഭാഷേ


ഭാഷേ നിനക്കായി ഒരേവന്ദനം

ഭാഷേ നിൻ മാധുര്യമേറേഓർത്താൽ

നിന്നെ പുകഴ്ത്തുവാനെനിക്കില്ല നാവ്

-തസ്നി ജലില്

# പാരിന്റെ നന്മയ്ക്കത്രേ...



ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം.

നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത

നിങ്ങളിൽ അതിരുകവിയുമ്പോഴോ  ഈ ഒരു

ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.

നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും

ദരിദ്രനായ, നിസ്സഹായാനായ മനുഷന്റെ മുഖം

സങ്കൽപ്പിച്ചുനോക്കുക.എന്നിട്ട് നിങ്ങൾ

ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക്

ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം      ചോദിച്ചുനോക്കുക. അതുകൊണ്ട് അയാൾക്ക്

എന്തെങ്കിലും നേട്ടമുണ്ടാകുമോ? അതയാൾക്ക് അയാളുടെ

ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു

നിയന്ത്രണം ഉണ്ടാക്കി ക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ, നമ്മുടെ നാട്ടിൽ ആധ്യാത്മികമായും


ശാരീരിമായും പട്ടിണികിടക്കുന്ന കോടിക്കണക്കിന്

ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാ-

കുമോ? അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക്

അനുഭവപ്പെടും.

-ആബിദ റെഷീദ്



# പുസ്തകം

അറിവിന്റെ ലോകം എനിക്കായ്

തുറന്നു തന്ന അറിവിന്റെ വാതായമേ

യന്ത്രത്തിൽ അച്ചടിച്ച വരുന്ന

വെറും അക്ഷരമല്ല നീ .

താളുകളിൽ കുറിക്കുന്ന ചില

വാക്കുകൾ മാത്രമല്ല

അറിവിന്റെ അക്ഷയപാത്രമണ് നീ

-അൽഫിയ ഷിഹാബ്



# ഭൂമി

ഹാ സുന്ദരം ഈ ഭൂമി
ഹാ മനോഹരം ഈ ഭൂമി
ഈ കൊച്ചു കൃതിയിലെ കാഴ്ച
കണ്ണുകൾക്ക് കുളിർമ്മയെകുന്നു
ഒരോ ദിവസവും വിരിയുന്ന പൂവിനെ
ഞാൻ നോക്കി നിൽക്കുന്നു
പൂവെനി ഞാൻ നോക്കി നിൽക്കുന്നു

– ഹന്ന ഫാത്തിമ

# മാവ്



എന്റെ വീടിന്റെ അപ്പുറത്ത് ഉണ്ടൊരു മാവ്

ആ മാവിൽ നിറയെ മാമ്പഴമുണ്ട്

ആ മാമ്പഴങ്ങൾ തിന്നൻ എത്തും

അതിഥികൾ

അണ്ണാനും കിളികളും പുഴുക്കളും മറ്റ്

ജീവജാലങ്ങളും

ഓരോരോ ജീവജാലങ്ങൾക്കും

ആശ്രയമാണീ മാവ്

പഴങ്ങളായും ഇലകളായും തടിയായും

ഭക്ഷണമായും വായുവായും പാർപ്പിടമായും

ജീവന്റെ നിലനിൽപ്പായും

-ആഫിയാ അബ്ബാസ്



# അമ്മ

വീടിൻ വിളക്കമ്മ

നാടിന് വെളിച്ചമെൻ അമ്മ

സ്നേഹത്തിൻ വറ്റാത്ത ഉറവ

വാടിയ പുവിനും

തളരുന്ന പുല്ലിനും

ജലമായ് വളമായ് അമ്മ

-സുൽത്താന ജബാർ



# ജി ശങ്കരക്കുറിപ്പ്

കവിത്രയത്തിന്റെ പ്രഭാവം ഇന്നലെകളുടേതാക്കി തീർത്തു കൊണ്ട് മലയാള സാഹിത്യത്തിനു നവീനമായ ഒരദ്ധ്യായം എഴുതിച്ചേർത്ത കവികളിൽ പ്രധാനിയായിരുന്നു ജി. ശങ്കരക്കുറുപ്പ്. എന്നാൽ വള്ളത്തോളിന്റെയും ഉള്ളൂരിന്റേയും കുമാരനാശാന്റെയും കാവ്യങ്ങൾ തന്നെ ഏറെ സ്വാധീനിച്ചിരുന്നുവെന്ന് ശങ്കരക്കുറുപ്പ് വ്യക്തമാക്കിയിട്ടുമുണ്ട്. റൊമാന്റിക് ഭാവുകത്വവും മാർക്സിയൻ സാഹിത്യ ദർശനവും ഒരുപോലെ മലയാള സാഹിത്യത്തെ സ്വാധീനിച്ചിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു ജി. കാവ്യസപര്യ സമാരംഭിക്കുന്നത്. കാലടിക്കടുത്തുള്ള നായത്തോട് എന്ന ചെറു ഗ്രാമത്തിൽ 1901 ജൂൺമാസം 3-ാം തീയതിയായിരുന്നു ശങ്കരക്കുറുപ്പ് ജനിച്ചത്. പിതാവ് നെല്ലിക്കാപ്പിള്ളി വാര്യത്ത് ശങ്കരവാര്യർ. മാതാവ്, വടക്കിനി വീട്ടിൽ ലക്ഷ്മിക്കുട്ടിയമ്മ. ശങ്കരക്കുറുപ്പിന് അഞ്ചു വയസ്സുള്ളപ്പോൾ പിതാവ് മരിച്ചു. അമ്മയുടെ കഠിനമായ അധ്വാനമാണ് കുടുംബത്തെ രക്ഷിച്ചത്. അങ്ങനെ വന്നു ചേർന്ന ഏകാന്തത പ്രകൃതിയുമായി കൂടുതൽ സല്ലപിക്കുവാൻ ആ ബാലനെ സഹായിച്ചു. ജിയെ മിസ്റ്റിക് കവി എന്നു കൂടി നാം വിളിക്കാറുണ്ടല്ലോ ഒരു പക്ഷെ പ്രകൃത്യുപാസനയിലൂടെ അനുക്രമം വികസിച്ചു വന്നതാവാം അദ്ദേഹത്തിന്റെ രചനകളിലെ യോഗാത്മക ഭാവം. സംസ്കൃത പണ്ഡിതനും ജ്യോതിഷിയുമായിരുന്ന അമ്മാവൻ തന്നെയായിരുന്നു ജിക്ക് മൂന്നു വയസ്സുള്ളപ്പോൾ എഴുത്തിനിരുത്തിയത്. നായത്തോടു ഗ്രാമത്തിലെ പ്രൈമറി സ്കൂളിലായിരുന്നു നാലാം ക്ലാസ്സു വരെ ജി പഠിച്ചത്. തുടർന്ന് പെരുമ്പാവൂരിലുള്ള മലയാളം സ്കൂളിൽ ചേർന്ന് ഏഴാം ക്ലാസ്സ് ജയിച്ചു. അക്കാലത്ത് ഏഴാം ക്ലാസ്സ് പാസ്സായാൽ പ്രൈമറി ക്ലാസ്സിലെ അധ്യാപകനാകാനുള്ള യോഗ്യതയായി. എന്നാൽ ജി മൂവാറ്റുപുഴയിലുള്ള സ്കൂളിൽ വെർണ്ണാക്കുലർ ഹയർ പരീക്ഷയ്ക്കു പഠിക്കുവാൻ ചേരുകയാണുണ്ടായത്. വി.എച്ച്. ജയിച്ച ശേഷം പണ്ഡിത പരീക്ഷയ്ക്കു പഠിക്കുകയും നല്ല വിജയം നേടുകയും ചെയ്തു. അവിടം കൊണ്ടും അവസാനിച്ചില്ല പഠിക്കുവാനുള്ള ജിയുടെ അഭിലാഷം. അടുത്തത് വിദ്വാൻ പരീക്ഷയായിരുന്നു ലക്ഷ്യം. അതും വൈകാതെ നേടി.വി.എച്ച്. പരീക്ഷ ജയിച്ചപ്പോൾ തന്നെ ശങ്കരക്കുറിപ്പിന്റെ ഔദ്യോഗിക ജീവിതവും ആരംഭിച്ചിരുന്നു. കൊറ്റമത്ത് കോൺവെന്റ് സ്കൂളിലെ അഞ്ചാം ക്ലാസ്സ് ഹെഡ്മാസ്റ്റർ പദവിയിൽ നിയമിതനാവുമ്പോൾ ജിക്ക് പതിനാറു വയസ്സ്. തുടർന്നങ്ങോട്ട് നിരവധി സ്കൂളുകളിൽ ജി സേവനം അനുഷ്ഠിച്ചു.തൃശ്ശൂർ ട്രെയിനിംഗ് സ്കൂളിൽ അധ്യാപകൻ. എറണാകുളം മഹാരാജാസ് കോളേജിൽ ലക്ചർ.കൈനിക്കര കുമാരപിള്ളയുടെ അവതാരികയോടെ 1946-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'സൂര്യകാന്തി' ശ്രദ്ധേയമായ ഒരു കൃതിയാണ്. പൂജാപുഷ്പം, നിമിഷം, നവാതിഥി, ഇതളുകൾ, പഥികന്റെ പാട്ട്, മുത്തുകൾ, അന്തർദ്ദാഹം, ചെങ്കതിരുകൾ, ഓടക്കുഴൽ, തുടങ്ങിയവ ജിയുടെ പ്രധാന കൃതികളാണ്. ഇതിൽ 'ഓടക്കുഴൽ' 1965-ൽ ജ്ഞാനപീഠ പുരസ്കാരത്തിനർഹമായി. ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട ഓടക്കുഴൽ 'ബാംസുരി' എന്ന പേരിൽ ഹിന്ദിയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ബാലസാഹിത്യ മേഖലയിലും കവിഗണ്യമായ സംഭാവനകൾനല്കിയിട്ടുണ്ട്. 1978 ഫെബ്രുവരി 2 ന് അവസാനിച്ചു.

-ഗായത്രി പി മനോജ്

# ഭൂമിക്കൊരു ചരമഗീതം



ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി
ഇത് നിന്റെ എന്റെയും ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം
മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതിൻ
നിഴലിൽ നീ നാളെ മരവിക്കേ
ഉയിരറ്റനിൻമുഖത്തശ്രു ബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ലാരു മീ ഞാനും
ഇതു നിനക്കായ് ഞാൻ കുറിച്ചീടുന്നു
ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്നമൃതിയിൽ നിനക്കാത്മശാന്തി
പന്തിരുകുലം പെറ്റ പറയിക്കുമമ്മ നീ
എണ്ണിയാൽ തീരാത്ത
തങ്ങളിലിണങ്ങാത്ത
സന്തതികളെ നൊന്തു പെറ്റു
ഒന്നു മറ്റൊന്നിനെ കൊന്നു തിന്നുന്നത്
കണ്ടാലേ കണ്ടിട്ടുമൊരുവരും കാണാതെ
കണ്ണീരൊഴുക്കി നീ നിന്നു
പിന്നെ നിന്നെത്തന്നെ
അല്പാല്പമായ് തിന്നു
തിന്നവർ തിമിർക്കവേ
ഏതും വിലക്കാതെ
നിന്നു നീ സർവംസഹയായ്

-ലീമ ആൻ സോജൻ



## പുലരി

പുലരി എന്നോർക്കുന്പോൾ

മനസ്സിനെന്തൊരു കുളിര്

തുമഞ്ഞ് വീശുന്ന പുലരി

ഇളം കാറ്റ് വീശുന്ന പുലരി

അമ്മതൻ മധുരം നകരുന്ന

പുലരിയെ കാണാനെന്തൊരു ചന്ദം

പൂക്കളെ കുളിരണിയിക്കുന്ന പുലരി

മധുരം നിറയുന്ന പുലരി

-നാസിയ നവാസ്

# രാത്രി



സന്ധ്യ മറഞ്ഞു രാത്രി അണഞ്ഞു

ആഴിയിൽ മത്സ്യങ്ങൾ എന്നപോലെ

കറുത്ത ഗഗനത്തിൽ തുള്ളികളിക്കുന്ന ചന്ദ്രനും നക്ഷത്രങ്ങളും

രാത്രിയിൽ ചന്ദ്രരൻ മിന്നിത്തിളങ്ങുന്നത്

എല്ലാവർക്കും മനസ്സിൽ കുളിർമ നൽകുന്നു

നക്ഷത്രങ്ങൾ നാലകൾ പോലെ മിന്നിത്തിളങ്ങുന്നു

താരകങ്ങൾ കഴുത്തിൽ അണിഞ്ഞ് നിൽക്കുന്ന ഗഗനം

വളരെ ഭംഗി തോന്നിപ്പിക്കുന്നു

ഗഗനത്തിൻെറ നെറ്റിയിലെ

പൊട്ടായ് ചന്ദ്രൻ തിളങ്ങുന്നു

ഓരേ ദിവസവും ഓരേ രൂപത്തിലും

കറുത്ത സിംഹത്തിനെപോലെ

ഗർജ്ജിക്കുന്ന കറുത്ത ആകാശം

ചിലപ്പോൾ അന്ധകാരത്തിൽ

നമ്മളെ ഭയപ്പെടുത്താറുണ്ട്

എങ്കിലും പകലിനെക്കാൾ സൗന്ദര്യം രാത്രിക്കാണ്

രാത്രിയാണ് അഴകിൻെറ ഉത്തമോദാഹരണം

മിന്നിതിളങ്ങുന്ന നക്ഷത്രങ്ങളും ചന്ദ്രനും കറുത്ത ഗഗനവും

എന്തു ഭംഗി!

എന്ത് ഭംഗി!

-നൗറിൻ ഫാത്തിമ



# ചെറുശ്ശേരി നമ്പൂതിരി

ക്രിസ്തുവർഷം 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മലയാള കവിയാണ് ചെറുശ്ശേരി നമ്പൂതിരി(1375-1475).ഉത്തരകേരളത്തിൽ പഴയ കുറുമ്പനാട് താലൂക്കിലെ വടകരയിൽ ചെറുശ്ശേരി ഇല്ലത്തിൽ ജനിച്ചു. അങ്ങനെ ഒരില്ലം ഇന്നില്ല. 18-ആം നൂറ്റാണ്ടിലുണ്ടായ മൈസൂർ പടയോട്ടക്കാലത്ത് ഉത്തരകേരളത്തിൽനിന്ന് അനേകം നമ്പൂതിരി കുടുംബങ്ങൾ സ്ഥലം വിട്ടു. കൂട്ടത്തിൽ നശിച്ചുപോയതാവണം ചെറുശ്ശേരി ഇല്ലം. ചെറുശ്ശേരി ഇല്ലം പൂനം ഇല്ലത്തിൽ ലയിച്ചുവെന്നും ഒരഭിപ്രായമുണ്ട്. കൃഷ്ണഗാഥയുടെ കർത്താവ് ചെറുശ്ശേരി നമ്പൂതിരിയാണെന്ന് 1881-ൽ പുറത്തിറങ്ങിയ ഭാഷാചരിത്രത്തിൽ പി.ഗോവിന്ദപ്പിള്ള അഭിപ്രായപ്പെട്ടിരിക്കുന്നു. പ്രാചീന കവിത്രയത്തിൽ ഒരാളായിരുന്നു ഇദ്ദേഹം. ക്രി.വ 1466-75 കാലത്ത് കോലത്തുനാട്ടു ഭരിച്ചിരുന്ന ഉദയവർമന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു ചെറുശ്ശേരി നമ്പൂതിരി. ഭക്തി,ഫലിതം, ശൃംഗാരം, എന്നീ ഭാവങ്ങളാണു ചെറുശ്ശേരിയുടെ കാവ്യങ്ങളിൽ ദർശിക്കാനാവുന്നത്.സമകാലീനരായിരുന്ന മറ്റ് ഭാഷാകവികളിൽ നിന്നു ഒട്ടും വ്യത്യസ്തമായിരുന്നില്ല ഈ ശൈലി. എങ്കിലും സംസ്കൃത ഭാഷയോട് കൂടുതൽ പ്രതിപത്തി പുലർത്തിയിരുന്ന മലനാട്ടിലെ കവികൾക്കിടയിൽ ഭാഷാകവി എന്നിരിക്കെയും ഏറെ പ്രശസ്തനായിരുന്നു ചെറുശ്ശേരി. കൃഷ്ഗാഥയാണു പ്രധാനകൃതി.

മലയാള ഭാഷയുടെ ശക്തിയും സൗന്ദര്യവും ആദ്യമായി കാണാൻ കഴിയുന്നത് ചെറുശ്ശേരിയുടെ കൃഷ്ഗാഥ എന്ന മനോഹര കൃതിയിലൂടെയാണ്. സംസ്കൃത പദങ്ങളും തമിഴ് പദങ്ങളും ഏറെക്കുറെ ഉപേക്ഷിച്ച് ശുദ്ധമായ മലയാള ഭാഷയിലാണുകൃഷ്ണഗാഥ രചിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ മലയാളത്തിന്റെ ചരിത്രത്തിൽ കൃഷ്ണഗാഥയ്ക്ക് സുപ്രധാനമായ സ്ഥാനമുണ്ട് യഥാർത്ത പേരെന്തെന്ന് ആർക്കും നിശ്ചയമില്ല.പൂനത്തിൽ ശങ്കരൻ നമ്പിടി എന്ന് വിശ്വസിക്കുന്നു. നവിക്രമൻ സാമൂതിരിമായുടെ_സദസ്സിലെ അംഗമായിരുന്ന പൂനം നമ്പൂതിരി തന്നെയാണ് ചെറുശ്ശേരി നമ്പൂതിരിയെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടു കാണുന്നുണ്ട്. ഗാഥാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും കൂടിയാണ് ഇദ്ദേഹം.

- ഹന്ന ഫാത്തിമ

## സൗഹൃദം



ചേതസിൽ പതിയുന്ന ഒന്നാണ് സൗഹൃദം

സൗഹൃദം നമ്മെ നാം ആക്കുന്നു

ഒരിക്കലും മറക്കാൻ കഴിയാത്ത

ഒരനുഭൂതിയാണ് സൗഹൃദം

സൗഹൃദം എന്നത് മൂന്ന അക്ഷരമല്ല

നിലനിൽക്കുന്ന ഒരു ബന്ധമാണ്

ചേതസിൽ നിറയുന്ന ബന്ധമാണ് സൗഹൃദം

പീയൂഷ നിറഞ്ഞതാണ് സൗഹൃദം

-സ്നേഹ ജയിംസ്

# നിദ്ര

മിന്നാമിനുങ്ങുകൾ പാറിപറക്കുന്ന രാത്രി

നക്ഷത്രകുഞ്ഞുങ്ങൾ മിന്നിതിളങ്ങുന്നു

നിൻ ശോഭതൻ ഭംഗി ഞാൻ

ആസ്വദിക്കുന്നു



നിന്റെ ഏകാന്തതയിൽ ഞാനുറങ്ങുന്നു

അസ്ധകാരം  നിക്കുമ്പോൾ ഞാനുണരുന്നു

നീയുള്ളപ്പോൾ ഞാൻ സങ്കടമറിയുന്നില്ല

താരകം  തിളങ്ങുമ്പോൾ  ഞാൻ സന്തോഷിക്കുന്നു

നിലാവും സന്തോഷം പരത്തുന്നു

-എലിസബത്ത് ജേബി





## മഴ കാർ വരുന്നേ

ആകാശത്തിലെ റോഡിൽ

കാറോടുന്നത് കാണ്ടോ

ഇടിയുടെ ഹോണടിച്ച്

മിന്നൽ ലൈറ്റുമടിച്ച്

ഡിക്കിയിൽ വച്ചൊരു വെള്ളം

നാട്ടിലൊഴിച്ച് കൊടുക്കാൻ

കറുത്ത കാറു വരുന്നേ

അതിൻ പേരാണ് മഴക്കാറ്

– നോജിയ



# മദർ തെരേസ

അൽബേനിയയിൽ ജനിച്ച് ഇന്ത്യ പ്രവർത്തന കേന്ദ്രമാക്കി ഉപവിപ്രവർത്തനങ്ങളിലൂടെ ലോകശ്രദ്ധ നേടിയ ക്രൈസ്തവ സന്യാസിനിയായിരുന്ന മദർ തെരേസ (ആഗ്നസ്) ഗോൻജെ ബോയാജ്യൂ,ഓഗസ്റ്റ് 26 1910 സെപ്റ്റംബർ 5 1997 മിഷണറീസ് ഓഫ് ചാരിറ്റി എന്ന കത്തോലിക്കാ സന്യാസിനീസഭ സ്ഥാപിച്ച് കൊൽക്കത്തയിലെ പാവപ്പെട്ടവരുടെയും അനാഥരുടെയും രോഗികളുടെയും ഇടയിൽ പ്രവർത്തിച്ച മദർ തെരേസയ്ക്ക് പ്രസ്തുത സേവനപ്രവർത്തനങ്ങളുടെ പേരിൽ 1979-ൽ സമാദാനത്തിനുള്ള നോബൽ പുരസ്കാരം നൽകപ്പെട്ടു. 2016 സെപ്റ്റംബർ 4-ന് മദർ തെരേസയെ ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു..

-ആബിദ റെഷീദ്



# സ്നേഹം

സ്നേഹമേറും നാമം അമ്മയെന്നല്ലോ

ആ സ്നേഹം ഇന്നും കൂടെയുണ്ട്

എനിക്കായ് ജീവിതം മാറ്റി വച്ചവൾ

എന്നോടൊപ്പം തണലായ് നടക്കുന്നവൾ

ഇരുട്ടിൽ വെളിച്ചമായ്

പൊട്ടിക്കരയുമ്പോൾ ആശ്വാസമായ്

അരികിലെത്തും അമ്മ തഴുകാൻ

ഓരോ ചുവടുകൾക്കും താങ്ങായ്

ഇന്നും കൂടെയുണ്ട് അമ്മ തൻ സ്നേ

സ്നേഹമേറും നാമം അമ്മയെന്നല്ലോ

ആ സ്നേഹം ഇന്നും കൂടെയുണ്ട്

എനിക്കായ് ജീവിതം മാറ്റി വച്ചവൾ

എന്നോടൊപ്പം തണലായ് നടക്കുന്നവൾ

ഇരുട്ടിൽ വെളിച്ചമായ് ഹം

മറക്കില്ല ഞാൻ ഇന്നും

അമ്മയെന്ന സ്നേഹം

തുളുമ്പുന്ന വെണ്ണപോലെയാണെ-

ന്നമ്മയുടെ സ്നേഹം


-നമിത ജോസ്

# നന്ദി

പ്രിയപ്പെട്ട കൂട്ടുകാരേ,

ഞങ്ങളുടെ "മഴവിൽ ളുവൽ"എന്ന ഡിജിറ്റൽ മാസിക എല്ലാവർക്കും ഇഷ്ടപ്പെട്ടു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളെ പ്രോത്സാഹിപ്പിച്ച സി. ഡെയ്സമ്മ തൊമസിനും ഇത് തയ്യാറാക്കാൻ സഹായിച്ച ബൈജു സാറിനും, ജാൻസി ടീച്ചറിനും, ഓമന ടീച്ചറിനും ഞങ്ങളുടെ നന്ദി പറയുന്നു. മലയാളം ടയ്പ്പിങ് കൂടുതൽ മെച്ചപ്പെടുത്താൻ ഇത് ഞങ്ങളെ സഹായിച്ചു. ഇതിനുവേണ്ടി അധ്വാനിച്ച എല്ലാവർക്കും ഞങ്ങൾ നന്ദി പറയുന്നു.

എന്ന്,



ലീമ ആൻ സോജൻ

ഗായത്രി പി മനോജ്

നാസിയ നവാസ്

സ്നേഹ ജയിംസ്


നന്ദി